# മരട് നഗരസഭാ സെക്രട്ടറിയുടെ ഉത്തരവു നടപടികൾ

(ഹാജർ :ശ്രീ.ബി.അനിൽകുമാർ, മുനിസിപ്പൽ സെക്രട്ടറി)

വിഷയം :- മരട് നഗരസഭ - ആരോഗ്യ വിഭാഗം - ഹരിത കേരള മിഷൻ - മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം - ആഗസ്റ്റ് 6 മുതൽ 13 വരെ ക്യാമ്പയിൻ ആഗസ്റ്റ് 15 ന്റെ പ്രതിജ്ഞയും - ഓരോ വാർഡിലേക്കും ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

---നമ്പർ : പി.എച്ച്-11682/16 മരട്, തീയതി : 02.08.2017

---

വായന :- (1) തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 31.07.2017 ലെ 382/ഡി.സി1/17/തസ്വഭവ-ാം നമ്പർ സർക്കുലർ.
(2) ജില്ലാ ശുചിത്വമിഷനിൽ നിന്നുള്ള നിർദ്ദേശം.

## ഉത്തരവ്

സമഗ്ര മാലിന്യ പരിപാലന പദ്ധതി രൂപീകരിക്കുന്നതിന് വേണ്ടി ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ ക്യമ്പയിൻ 2017 ആഗസ്റ്റ് 6 മുതൽ ആഗസ്റ്റ് 13 വരെ നടക്കുകയാണ്. നിലവിലെ മാലിന്യ സംസ്ക്കരണത്തിന്റെ അവസ്ഥാനിർണ്ണയ പഠനം നടത്തുകയാണ് ഇതിന്റെ ലക്ഷ്യം. നഗരസഭാ തലത്തിൽ പരിശീലന പരിപാടി 27.07.2017 ന് സംഘടിപ്പിച്ചിട്ടുള്ളതും വാർഡുതല പരിശീലന പരിപാടിക്ക് വോളന്റിയർമാരെ സജ്ജമാക്കിയിട്ടുള്ളതുമാണ്.

ഓരോ വീട്ടിലും സ്ഥാപനങ്ങളിലും ഉത്പാദിക്കപ്പെടുന്ന മാലിന്യങ്ങൾ ഇപ്പോൾ എങ്ങനെ സംസ്ക്കരിക്കുന്നുവെന്നും, ഇത് കൂടാതെ ഉറവിടത്തിൽ തന്നെ ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനെ സംബന്ധിച്ച് അനുയോജ്യമായ സേവന സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് പരിചയപ്പെടുത്തുകയും, ഇവയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണവും ഗൃഹസന്ദർശനത്തിന്റെ ഭാഗമായി നടത്തേണ്ടതുണ്ട്. ഗൃഹസന്ദർശനത്തിന് 50 വീടുകൾക്ക് 2 പേർ എന്ന കണക്കിൽ സന്നദ്ധപ്രവർത്തകരെ വാർഡുതലത്തിൽ കണ്ടെത്തി സ്ക്വാഡുകൾ രൂപീകരിച്ച് 'ഗൃഹസന്ദർശന സ്ക്വാഡുകൾ' രുപീകരിക്കുന്നതിനും ക്യാമ്പയിൻ വിജയകരമായി സംഘടിപ്പിക്കുന്നതിനും അനുബന്ധമായി ചേർത്തിട്ടുള്ളതുപ്രകാരം ഉദ്യോഗസ്ഥരെ ഓരോ വാർഡിലേക്കും മേൽ നോട്ട ചുമതലക്കായി നിയോഗിച്ച് ഉത്തരവാകുന്നു.

സ്ക്വാഡിന്റെ മേൽ നോട്ടചുമതലക്കാരൻ/ലീഡർ ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) സ്ക്വാഡിലെ അംഗങ്ങൾക്ക് പരിശീലനം ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്ക്വാഡിലേക്ക് തിരഞ്ഞെടുത്ത അംഗങ്ങളുടെ പേര് നഗരസഭാ നോഡൽ ഓഫീസർ മുഖേന സമർപ്പിക്കേണ്ടതാണ്.
2) ആഗസ്റ്റ് 6 മുതൽ 13 വരെ ക്യാമ്പയിൻ നടക്കുന്നുവെന്ന് സ്ക്വാഡ് ലീഡർ/മേൽനോട്ട ചുമതലക്കാരൻ ഉറപ്പുവരുത്തേണ്ടതും സ്ക്വാഡുകൾ സർവ്വേ പൂർത്തീകരിച്ചതിനുശേഷം വാർഡ് തിരിച്ചുള്ള ക്രോഡീകരിച്ച റിപ്പോർട്ട് അടുത്ത ദിവസം തന്നെ തയ്യാറാക്കി നോഡൽ ഓഫീസറെ ഏല്പിക്കേണ്ടതും 2017 ആഗസ്റ്റ് 15

ന് വൈകുന്നേരം 4 മണി മുതൽ 7 മണിവരെ എല്ലാ വാർഡുകളിലും ശുചിത്വ സംഗമം നടത്തി വാർഡിലെ മാലിന്യ സംസ്ക്കരണ അവസ്ഥ നിർണ്ണയ റിപ്പോർട്ട് അവതരിപ്പിക്കേണ്ടതും, വാർഡുകൗൺസിലറുടെ നേതൃത്വത്തിൽ 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന പ്രതിജ്ഞ എടുക്കേണ്ടതുമാണ്.

3) സർവ്വേയുടെ ആവശ്യത്തിലേക്കുള്ള ലഘുലേഖയും സർവ്വേ ഫോറവും കൈപ്പുസ്തകവും ബന്ധപ്പെട്ട സ്ക്വാഡുകൾക്ക് ലീഡർ മുഖേന എത്തിക്കേണ്ട ഉത്തരവാദിത്വം നോഡൽ ഓഫീസർക്ക് ആയിരിക്കുന്നതാണ്.

4) ക്യാമ്പയിൻ കാലയളവിൽ നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വില്പനയും വിനിയോഗവും നിരുത്സാഹപ്പെടുത്തേണ്ടതാണ്. നിയമപ്രകാരം നിരോധിക്കപ്പെട്ട എല്ലാ പ്ലാസ്റ്റിക് ഉല്പന്നങ്ങളും പിടിച്ചെടുക്കുന്നതിന് സ്ക്വാഡ് ലീഡർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ടി ആവശ്യങ്ങൾക്കായി സൂപ്പർവൈസർമാരായി താഴെ പറയുന്ന ജീവനക്കാരെയും നോഡൽ ഓഫീസറെയും നിയോഗിച്ചും ഉത്തരവാകുന്നു.

| സൂപ്പർവൈസർ | വാർഡുകൾ |
|---|---|
| 1) സ്റ്റാൻലി, ഹെൽത്ത് ഇൻസ്പെക്ടർ, PHC, നെട്ടൂർ | 23–33 |
| 2) സിബു കെ.എ, Revenu Inspector, മരട് നഗരസഭ | 12–22 |
| 3) ഹുസൈൻ എ., Project Officer, ,, | 1– 11 |

**നോഡൽ ഓഫീസർ**

ശ്രീ.എം.ജെ.ബേബി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, മരട് നഗരസഭ, ഓരോ ലീഡർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.ഓരോ സ്ക്വാഡിനും ആവശ്യമായ കൈപുസ്തകം ഫോറങ്ങൾ യഥാ സമയം എത്തിച്ചുകൊടുക്കേണ്ടതാണ്.

വാർഡ്തല ശുചിത്വ സമിതികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് നെട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രം ഹെൽത്ത് സൂപ്പർവൈസർ ശ്രീ.സിബി അഗസ്റ്റിനെയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

സെക്രട്ടറി,
മരട് നഗരസഭ

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്

1. ബഹു:ചെയർപേഴ്സൺ } മേശപ്പുറത്ത്
2. ബഹു:വൈസ് ചെയർമാൻ }
3. സെക്രട്ടറി
4. എല്ലാ കൗൺസിൽ അംഗങ്ങൾക്കും
5. T.O., IKM, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
6. കോ-ഓർഡിനേറ്റർ, ജില്ലാ ശുചിത്വമിഷൻ.
7. മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്, PHC നെട്ടൂർ & വളന്തകാട്